ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

ഭരണഭാഷ മാതൃഭാഷ

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ:KLS/9520/2025-MA E3

തിരുവനന്തപുരം
02-02-2026

## ലേലപ്പരസ്യം

നിയമസഭാ ഹോസ്റ്റൽ ഹെൽത്ത് ക്ലബ്ബിൽ ഉപയോഗിച്ചിരുന്ന ഉപയോഗശൂന്യമായ **ട്രെഡ് മിൽ** 10.02.2026-ന് രാവിലെ 11.30 മണിയ്ക്ക് നിയമസഭാ ഹോസ്റ്റലിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം രാവിലെ 11.00-ന് നിരതദ്രവ്യമായ ₹200/- (ഇരുന്നൂറ് രൂപ മാത്രം) എം.എ.'ഇ' വിഭാഗത്തിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്നയാളുടെ പേരിൽ, തുക ന്യായമാണെന്ന് കാണുന്ന പക്ഷം ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയാൽ ലേലത്തുക നിയമാനുസൃത GST ചേർത്ത് അന്ന് തന്നെ എ.എ.' എഫ് ' വിഭാഗത്തിൽ അടച്ച് ലേലവസ്തുക്കൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും കൊണ്ടുപോകേണ്ടതാണ്.ലേലം നഷ്ടപ്പെട്ടവർക്ക് ലേലം കഴിഞ്ഞാലുടൻ തന്നെ നിരതദ്രവ്യം മടക്കി നൽകുന്നതാണ്.

ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽക്കൂട്ടുന്നതും ലേല വസ്തുക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി അല്ലാത്തതുമാണ്.മേൽ പരാമർശിച്ച വസ്തുക്കൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് അസിസ്റ്റന്റ് മാനേജരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

എന്തെങ്കിലും കാരണവശാൽ ലേലം റദ്ദ് ചെയ്യുകയോ ലേല നടപടിക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ലേലം സ്ഥിരീകരിച്ചില്ലെങ്കിലോ ലേലത്തിൽ പങ്കെടുത്തവർക്ക് നിക്ഷേപിച്ച തുക പലിശയോ നഷ്ടപരിഹാരമോ കൂടാതെ മടക്കി നൽകുന്നതായിരിക്കും.

എന്തെങ്കിലും കാരണവശാൽ ലേലം നടക്കുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേല നടപടികൾ നടത്തുന്നതാണ്. ലേലം മുന്നറിയിപ്പില്ലാതെ മാറ്റി വയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം നിയമസഭാ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

Digitally signed by VIJESH T
Date: 02-02-2026 14:30:18

Vijesh T
DEPUTY SECRETARY
സെക്രട്ടറിക്കുവേണ്ടി.

0471 2512207

പകർപ്പ് :-

1) സെക്രട്ടറിയുടെ പി.എസ്

2) എസ്റ്റേറ്റ് ഓഫീസറുടെ സി.എ.

3) ചീഫ് മാർഷൽ,

4) അസിസ്റ്റന്റ് മാനേജർ, നിയമസഭാ ഹോസ്റ്റൽ